**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2189** **20-01-2021 - ൽ മറുപടിയ്ക്ക്**

**സ്വാശ്രയ മെഡിക്കൽ നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 2020-ലെ മെഡിക്കൽ അഡ്മിഷനുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതി WP(c) No.2305 ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിനെതിരെ സർക്കാർ അടിയന്തരമായി സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് കേസ് വാദിക്കുന്നതിന് പ്രഗത്ഭരായ അഭിഭാഷകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | (എ) (ബി) & (സി) WP(c) 2305 എന്ന നമ്പറിലുള്ള റിട്ട് ഹർജി ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ടതല്ല. എന്നാൽ 2020-ലെ മെഡിക്കൽ അഡ്മിഷനുമായി ബന്ധപ്പെട്ട് WP(C) 23005/2020 എന്ന നമ്പരിൽ ഉള്ള കേസ് ബഹു.ഹൈക്കോടതിയിൽ നിലവിലുണ്ട്.നാഷണൽ മെഡിക്കൽ കമ്മീഷൻ നിയമം 2019-ലെ 10.(1)(i) പ്രകാരം MBBS കോഴ്സിന് അഡ്മിഷൻ നടത്തുന്നതിലേക്കായി 50% സീറ്റുകളിലേക്ക് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഫീസ് നിർണയ അധികാരം നാഷണൽ മെഡിക്കൽ കമ്മീഷനിൽ നിക്ഷിപ്തമാണെന്നും 2020-21 അധ്യയന വർഷം അഡ്മിഷന് മുൻപായി നാഷണൽ മെഡിക്കൽ കമ്മീഷനോട് പ്രൈവറ്റ് മെഡിക്കൽ കോളേജുകളിലെ 50% MBBS സീറ്റുകളിലേക്കുള്ള ഫീസ് നിർണയിക്കാൻ ഉത്തരവാകണമെന്നതാണ് പ്രസ്തുത റിട്ട് ഹർജിയിലെ ആവശ്യം.നാഷണൽ മെഡിക്കൽ കമ്മീഷന് വേണ്ടി ബഹു.ഹൈക്കോടതിയിൽ ഹാജരായ സ്റ്റാന്റിംഗ് കൗൺസിൽ, കമ്മീഷന്റെ നിർദേശ പ്രകാരം , ഈ അധ്യയന വർഷം ഫീസ് നിർണയത്തിനുള്ള മാനദണ്ഡങ്ങൾ നാഷണൽ മെഡിക്കൽ കമ്മീഷൻ നിശ്ചയിച്ചിട്ടില്ലെന്നും ആയതിനാൽ 2020-21 അധ്യയന വർഷം കമ്മീഷൻ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നും കോടതിയെ അറിയിച്ചതിന്റെ വെളിച്ചത്തിൽ 22/12/2020-ൽ ബഹു. ഹൈക്കോടതി ഈ കേസിൽ ഉൾപ്പെടെ പുറപ്പെടുവിച്ചിട്ടുള്ള പൊതു ഇടക്കാല ഉത്തരവിൽ നാഷണൽ മെഡിക്കൽ കമ്മീഷൻ കോടതിയിൽ ബോധിപ്പിച്ച കാര്യം രേഖപ്പെടുത്തിയിട്ടുള്ളതാണ് . ഫലപ്രദമായ രീതിയിലാണ് നിലവിൽ സ്വാശ്രയ മെഡിക്കൽ |

| | | | |
|---|---|---|---|
| | | | കേസ്സുകൾ കൈകാര്യം ചെയ്തുവരുന്നത്. ബഹു.സുപ്രീംകോടതി ഉത്തരവുകൾ കൂടി കണക്കിലെടുത്ത് ആവശ്യമായ ഭേദഗതികൾ വരുത്തിയ പഴുതടച്ചുള്ള സ്വാശ്രയ നിയമമാണ് ഇപ്പോൾ നിലവിൽ ഉള്ളത്. |
| (ബി) | 2017 മുതലുള്ള വിദ്യാർത്ഥികളുടെ കേസുകളിൽ പ്രാഥമിക വാദങ്ങളിൽ വന്ന വീഴ്ച ഉണ്ടാകാതിരിക്കാൻ അന്തിമവാദ വേളയിൽ സ്വാശ്രയ മെഡിക്കൽ കേസ്സുകൾ കൈകാര്യം ചെയ്യാൻ ഏറ്റവും പ്രഗത്ഭരായ സീനിയർ അഭിഭാഷകരെ നിയമിക്കുന്നതിനും ഈ കേസ്സുകൾ ഏകോപിപ്പിക്കുന്നതിനും വിദഗ്ദരായ അഭിഭാഷകരുടെ ഒരു സ്പെഷ്യൽ സെൽ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (ബി) | (എ) (ബി) & (സി) WP(c) 2305 എന്ന നമ്പറിലുള്ള റിട്ട് ഹർജി ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ടതല്ല. എന്നാൽ 2020-ലെ മെഡിക്കൽ അഡ്മിഷനുമായി ബന്ധപ്പെട്ട് WP(C) 23005/2020 എന്ന നമ്പരിൽ ഉള്ള കേസ് ബഹു.ഹൈക്കോടതിയിൽ നിലവിലുണ്ട്.നാഷണൽ മെഡിക്കൽ കമ്മീഷൻ നിയമം 2019-ലെ 10.(1)(i) പ്രകാരം MBBS കോഴ്സിന് അഡ്മിഷൻ നടത്തുന്നതിലേക്കായി 50% സീറ്റുകളിലേക്ക് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഫീസ് നിർണയ അധികാരം നാഷണൽ മെഡിക്കൽ കമ്മീഷനിൽ നിക്ഷിപ്തമാണെന്നും 2020-21 അധ്യയന വർഷം അഡ്മിഷന് മുൻപായി നാഷണൽ മെഡിക്കൽ കമ്മീഷനോട് പ്രൈവറ്റ് മെഡിക്കൽ കോളേജുകളിലെ 50% MBBS സീറ്റുകളിലേക്കുള്ള ഫീസ് നിർണയിക്കാൻ ഉത്തരവാകണമെന്നതാണ് പ്രസ്തുത റിട്ട് ഹർജിയിലെ ആവശ്യം.നാഷണൽ മെഡിക്കൽ കമ്മീഷന് വേണ്ടി ബഹു.ഹൈക്കോടതിയിൽ ഹാജരായ സ്റ്റാന്റിംഗ് കൗൺസിൽ, കമ്മീഷന്റെ നിർദേശ പ്രകാരം , ഈ അധ്യയന വർഷം ഫീസ് നിർണയത്തിനുള്ള മാനദണ്ഡങ്ങൾ നാഷണൽ മെഡിക്കൽ കമ്മീഷൻ നിശ്ചയിച്ചിട്ടില്ലെന്നും ആയതിനാൽ 2020-21 അധ്യയന വർഷം കമ്മീഷൻ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നും കോടതിയെ അറിയിച്ചതിന്റെ വെളിച്ചത്തിൽ 22/12/2020-ൽ ബഹു. ഹൈക്കോടതി ഈ കേസിൽ ഉൾപ്പെടെ പുറപ്പെടുവിച്ചിട്ടുള്ള പൊതു ഇടക്കാല ഉത്തരവിൽ നാഷണൽ മെഡിക്കൽ കമ്മീഷൻ കോടതിയിൽ ബോധിപ്പിച്ച കാര്യം രേഖപ്പെടുത്തിയിട്ടുള്ളതാണ് . ഫലപ്രദമായ രീതിയിലാണ് നിലവിൽ സ്വാശ്രയ മെഡിക്കൽ കേസ്സുകൾ കൈകാര്യം ചെയ്തുവരുന്നത്. ബഹു.സുപ്രീംകോടതി ഉത്തരവുകൾ കൂടി കണക്കിലെടുത്ത് ആവശ്യമായ ഭേദഗതികൾ വരുത്തിയ പഴുതടച്ചുള്ള സ്വാശ്രയ നിയമമാണ് ഇപ്പോൾ നിലവിൽ ഉള്ളത്. |
| (സി) | സ്വാശ്രയ മെഡിക്കൽ നിയമത്തിലെ പഴുതുകളും ബലഹീനതകളും മുതലെടുത്ത് സ്വാശ്രയ മാനേജ്മെന്റുകൾ സ്ഥിരമായി ഇത്തരത്തിൽ | (സി) | (എ) (ബി) & (സി) WP(c) 2305 എന്ന നമ്പറിലുള്ള റിട്ട് ഹർജി ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ടതല്ല. എന്നാൽ 2020-ലെ മെഡിക്കൽ |

| | | | |
|---|---|---|---|
| | കേസ്സുകളുമായി മുന്നോട്ടു പോകുന്ന സാഹചര്യത്തിൽ, നിലവിലെ സ്വാശ്രയ നിയമത്തിലെ ന്യൂനതകൾ പരിഹരിച്ച് ചൂഷണത്തിനും വ്യവഹാരത്തിനും ഇടനൽകാത്ത സുശക്തവും സമഗ്രവുമായ സ്വാശ്രയ കോളേജ് നിയമം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | | അഡ്മിഷനുമായി ബന്ധപ്പെട്ട് WP(C) 23005/2020 എന്ന നമ്പരിൽ ഉള്ള കേസ് ബഹു.ഹൈക്കോടതിയിൽ നിലവിലുണ്ട്.നാഷണൽ മെഡിക്കൽ കമ്മീഷൻ നിയമം 2019-ലെ 10.(1)(i) പ്രകാരം MBBS കോഴ്സിന് അഡ്മിഷൻ നടത്തുന്നതിലേക്കായി 50% സീറ്റുകളിലേക്ക് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഫീസ് നിർണയ അധികാരം നാഷണൽ മെഡിക്കൽ കമ്മീഷനിൽ നിക്ഷിപ്തമാണെന്നും 2020-21 അധ്യയന വർഷം അഡ്മിഷന് മുൻപായി നാഷണൽ മെഡിക്കൽ കമ്മീഷനോട് പ്രൈവറ്റ് മെഡിക്കൽ കോളേജുകളിലെ 50% MBBS സീറ്റുകളിലേക്കുള്ള ഫീസ് നിർണയിക്കാൻ ഉത്തരവാകണമെന്നതാണ് പ്രസ്തുത റിട്ട് ഹർജിയിലെ ആവശ്യം.നാഷണൽ മെഡിക്കൽ കമ്മീഷന് വേണ്ടി ബഹു.ഹൈക്കോടതിയിൽ ഹാജരായ സ്റ്റാന്റിംഗ് കൗൺസിൽ, കമ്മീഷന്റെ നിർദേശ പ്രകാരം , ഈ അധ്യയന വർഷം ഫീസ് നിർണയത്തിനുള്ള മാനദണ്ഡങ്ങൾ നാഷണൽ മെഡിക്കൽ കമ്മീഷൻ നിശ്ചയിച്ചിട്ടില്ലെന്നും ആയതിനാൽ 2020-21 അധ്യയന വർഷം കമ്മീഷൻ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നും കോടതിയെ അറിയിച്ചതിന്റെ വെളിച്ചത്തിൽ 22/12/2020-ൽ ബഹു. ഹൈക്കോടതി ഈ കേസിൽ ഉൾപ്പെടെ പുറപ്പെടുവിച്ചിട്ടുള്ള പൊതു ഇടക്കാല ഉത്തരവിൽ നാഷണൽ മെഡിക്കൽ കമ്മീഷൻ കോടതിയിൽ ബോധിപ്പിച്ച കാര്യം രേഖപ്പെടുത്തിയിട്ടുള്ളതാണ് . ഫലപ്രദമായ രീതിയിലാണ് നിലവിൽ സ്വാശ്രയ മെഡിക്കൽ കേസ്സുകൾ കൈകാര്യം ചെയ്തുവരുന്നത്. ബഹു.സുപ്രീംകോടതി ഉത്തരവുകൾ കൂടി കണക്കിലെടുത്ത് ആവശ്യമായ ഭേദഗതികൾ വരുത്തിയ പഴുതടച്ചുള്ള സ്വാശ്രയ നിയമമാണ് ഇപ്പോൾ നിലവിൽ ഉള്ളത്. |

സെക്ഷൻ ഓഫീസർ